ഇലക്ട്രിക് സബ്സ്റ്റേഷൻ എന്നിവ കുറത്തിക്കാട് കടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങളായി നിൽക്കുന്നു. ഇവ പരിഹരിച്ചാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും.

തൃക്കാക്കര, കളമശ്ശേരി എന്നീ നഗരസഭകളെ ബന്ധിപ്പിച്ചുള്ള ജലവിതരണ പദ്ധതി

220 (2775) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കാക്കര, കളമശ്ശേരി എന്നീ നഗരസഭകളെ ബന്ധിപ്പിച്ച് ജലവിതരണ പദ്ധതി തുടങ്ങുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം ലഭ്യമായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വർക്ക് എന്നാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കൊച്ചി നഗരസഭയും ആലുവ, തൃക്കാക്കര, കളമശ്ശേരി, ഏലൂർ എന്നീ മുനിസിപ്പാലിറ്റികൾക്കും സമീപപ്രദേശത്തുള്ള 10 ഗ്രാമപഞ്ചായത്തുകൾക്കും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള കൊച്ചി കുടിവെള്ള പദ്ധതി പാർട്ട്-ഒന്നിന്റെ ഒന്നാം ഘട്ടമായ കൊച്ചി ഇടക്കാല വിപുലീകരണ പദ്ധതിക്കുള്ള 238.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ലഭ്യമായിട്ടില്ല.

കാസർഗോഡ് നഗരത്തിലെ ശുദ്ധജല ക്ഷാമം

221(2776) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ വന്നതിനുശേഷം കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ ;

(ബി) ജലവിതരണം മുടങ്ങാതിരിക്കാൻ പ്രവർത്തനക്ഷമമല്ലാത്ത പഴയ പമ്പുകൾക്ക് പകരം പുതിയ പമ്പുകൾ വാങ്ങാൻ എത്ര തുകയാണ് അനുവദിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly